# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** **27-07-2021 - ൽ മറുപടിയ്ക്ക്**

## ക്ഷീരോല്പ്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.കഴിഞ്ഞ അഞ്ച് വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകുപ്പിന് 52263 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിന്റെ 90% തുകയും ക്ഷീരമേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. ഇതുവഴി സംസ്ഥാനം പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിചേർന്നു. ക്ഷീരരംഗത്തെ വളർച്ചയും, മികച്ച നേട്ടങ്ങളും കണക്കിലെടുത്ത് കേരളത്തിന് 2019 വർഷത്തെ ദേശീയ തലത്തിലുള്ള ഇന്ത്യാടുഡേ അവാർഡ് ലഭിക്കുകയുണ്ടായി കൂടാതെ 2014-15 -ൽ ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 15.26 ലക്ഷം ലിറ്ററിൽ നിന്നും 2020-21 -ൽ 19.43 ലക്ഷം ലിറ്ററായി വർദ്ധിക്കുകയും ചെയ്തു. സംസ്ഥാനത്ത് 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടിയായി മാറ്റി സംഭരിക്കുന്നതിലേയ്ക്കായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലേക്ക് പാലുൽപ്പാദനം വർദ്ധിച്ചു. |
| (ബി) | കഴിഞ്ഞ അഞ്ചുവർഷം വകുപ്പ് നടപ്പിലാക്കിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുവാനും ക്ഷീരോല്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും വകുപ്പ് ഈ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നു. നൂതന പദ്ധതികളായ വൈയ്ക്കോൽ ബയിലിംഗ് യൂണിറ്റ്, കറവ പരിശീലനം, പാരമ്പര്യേതര തീറ്റവസ്തുക്കളുടെ സംഭരണവും വിപണനവും, തെരഞ്ഞെടുത്ത ജില്ലകളിൽ ശുദ്ധമായ പാൽ ഉല്പാദന കിറ്റ് വിതരണം ഇടുക്കി ജില്ലയ്ക്കായുള്ള പ്രത്യേക ഡയറി പാക്കേജ് എന്നിവയിലൂടെ തുടർന്നും ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത |

| | | | |
|---|---|---|---|
| | | | നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പഞ്ചായത്തടിസ്ഥാനത്തിൽ ഡയറി സോണുകൾ രൂപീകരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | ക്ഷീരസംഘങ്ങളുടെ നവീകരണപദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. ക്ഷീരസംഘങ്ങളുടെ നവീകരണത്തിനായി ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരസംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം എന്നീ രണ്ട് പ്രധാന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും, ഗുണനിലവാരമുള്ള പാൽ സംഭരിക്കുന്നതിനും , വിപണനത്തിനും, ക്ഷീര സംഘങ്ങളുടെ ആസ്തി വർദ്ധനവിനുമുള്ള ടി പദ്ധതികൾ ഈ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നുണ്ട്. കൂടാതെ ETP, സോളാർ പവർ ജനറേഷൻ, Rain Water Harvesting എന്നിവയ്ക്കായും പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനുള്ള സഹായവും നൽകുന്നുണ്ട്. ആയതിലേയ്ക്കായി ആകെ 1800 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ക്ഷീരവികസന മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഇ) | ഉണ്ട്. ഈ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് മിൽക്ക് ഇൻസെന്റീവ്, കാലിത്തീറ്റ ധനസഹായം, പശുവാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, ബയോ ഗ്യാസ് പ്ലാന്റ്, തീറ്റപ്പുൽകൃഷി, ചാണകക്കുഴി നിർമ്മാണം ഇങ്ങനെ വിവിധങ്ങളായ പദ്ധതികളിലൂടെ ക്ഷീരവികസന മേഖലയിലെ പ്രവർത്തനങ്ങളെ വിപുലീകരികരിക്കാൻ ഉദ്ദേശിക്കുന്നു. ഇവ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്കും, വനിതകൾക്കും മുൻഗണനന നൽകുന്ന പദ്ധതികളാണ്. |
| (എഫ്) | സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ? | (എഫ്) | സംസ്ഥാനത്ത് അധികം സംഭരിക്കുന്ന പാൽ പൊടിയാക്കുന്നതിനായുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മലപ്പുറം ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ക്ഷീര പരിശീലനകേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര |

| | | | |
|---|---|---|---|
| | | | സംഘങ്ങൾ മുഖേന വിപണനം ചെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നു. |

സെക്ഷൻ ഓഫീസർ